കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊപ്പം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി13-1387/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: 08.01.2021

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊപ്പം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊപ്പം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കൊപ്പം** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇമെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി13-1387/2020 തീയതി: 08.01.2021

## പാലക്കാട് ജില്ലയിലെ കൊപ്പം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പാലക്കാട് ജില്ലയിലെ **കൊപ്പം** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.02.2019 മുതൽ 19-11-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-11-2020 മുതൽ 30-11-2020 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.എ.ബി.സുരേഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.കെ.ആർ.രമാദേവി | സീനിയർ ഗ്രേഡ് ഓഫീസർ |
| ശ്രീമതി.ഷീജ.വി.ആർ | സീനിയർ ഗ്രേഡ് ഓഫീസർ |

### നിർവ്വഹണാധികാരികൾ

| **പ്രസിഡണ്ട്** | |
|---|---|
| ശ്രീമതി.സുമിത.പി | 01-04-2018 മുതൽ 31-03-2019 വരെ |

| സെക്രട്ടറി | |
|---|---|
| ശ്രീമതി.നിഷ.എൻ തയ്യിൽ | 01-04-2018 മുതൽ 20-06-2018 വരെ |
| ശ്രീ.ഹാഷിം.എ | 21-06-2018 മുതൽ 18-03-2019 വരെ |
| ശ്രീ.ജിനചന്ദ്രൻ.കെ.പി, അസി.സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 19-3-2019 മുതൽ 31-3-2019 വരെ |

**(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി.ശാന്ത. എം.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജിനചന്ദ്രൻ.കെ.പി | 01-04-2018 മുതൽ 31-03-2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ശാലിനി.കെ.എം | 01-04-2018 മുതൽ 31-03-2019 വരെ |
| എച്ച്.എം | ശ്രീമതി.പത്മജ.സി | 01-04-2018 മുതൽ 3-10-2018 വരെ |
| | ശ്രീമതി.ജോജോ മാത്യു | 4-10-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ഗീത.വി.സി | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. നിസാനത്ത്.പി.പി | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ധന്യ.എം | 01-04-2018 മുതൽ 28-06-2018 വരെ |
| | ഡോ.രാജൻ പേരോഴിപറമ്പിൽ | 29-6-2018 മുതൽ 31-3-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ലീന.എസ്.എൽ | 01-04-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.പൊൻമുരുകൻ | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ശോഭന.പി.വി | 01-04-2018 മുതൽ 31-07-2018 വരെ |
| | ശ്രീമതി.ഷാഹിന. | 1-8-2018 മുതൽ 21-1-2019 വരെ |
| | ശ്രീമതി.അനിത ജോസഫ് | 22-1-2019 മുതൽ 31-3-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ജാസ്മിൻ.സി.ജെ | 01-04-2018 മുതൽ 31-03-2019 വരെ |
| | ശ്രീമതി. സുമിന.എം.എഫ് | 27-4-2018 മുതൽ 31-3-2019 വരെ |

**ഉള്ളടക്കം**

## ഭാഗം 1

## ഓഡിറ്റ് റിപ്പോർട്ട്

### ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ബജറ്റ് തയ്യാറാക്കുമ്പോൾ ബജറ്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-9 |
| 10 | മാന്വൽ രസീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല | 1-10 |
| 11 | ഗ്രാമപഞ്ചായത്തിന് പിരിഞ്ഞു കിട്ടാനുള്ള തുകകൾ പിരിച്ചെടുത്തുന്നചിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-11 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല | 1-12 |
| 13 | ബിൽഡിങ്ങ് പെർമിറ്റ് അനുവദിക്കുന്നതിൽ അപാകങ്ങൾ | 1-13 |
| 14 | തെരുവ് വിളക്ക് സ്ഥാപിക്കൽ -പദ്ധതി നടപടിക്രമങ്ങളിൽ അപാകം | 1-14 |
| 15 | കുടിവെളള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-15 |
| 16 | പാലിയേറ്റീവ് പരിചരണം പദ്ധതി-പോരായ്മകൾ പരിഹരിക്കേണ്ടതാണ് | 1-16 |
| 17 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം - പൊതു നിർദ്ദേശങ്ങൾ | 1-17 |
| 18 | മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് - സ്റ്റാമ്പ് ഡ്യൂട്ടിയിൽ കുറവ് | 1-18 |
| 19 | 139/18 -മുജാഹിദ് പള്ളി കുടിവെള്ള പദ്ധതി-പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ മതിയായ പിഴ ഈടാക്കിയില്ല | 1-19 |

| | | |
|---|---|---|
| 20 | അളവു പുസ്തകത്തിൽ തുകകളുടെ സംക്ഷിപ്തം രേഖപ്പെടുത്തിയതിൽ അപാകത-കരാറുകാരന് അധിക തുക നൽകി | 1-20 |
| 21 | ചൊക്കിപള്ളിയാലിൽ റോഡ് ടാറിംഗ്- അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 1-21 |
| 22 | കെ.ടി പടി കുടിവെള്ള പദ്ധതി - പൂർത്തീകരണം ഉറപ്പാക്കിയില്ല | 1-22 |
| 23 | കിണർ റീചാർജ്ജിംഗിനായി ലഭ്യമായ തുക ചെലവഴിച്ചില്ല-തുക തിരിച്ചടയ്ക്കേണ്ടതാണ് | 1-23 |

**ഭാഗം-II**

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഒന്നുമില്ല

**ഭാഗം-III**

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | 139/18 -മുജാഹിദ് പള്ളി കുടിവെള്ള പദ്ധതി- പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ മതിയായ പിഴ ഈടാക്കിയില്ല | 3-1 |
| 2 | ചൊക്കിപള്ളിയാലിൽ റോഡ് ടാറിംഗ്- അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 3-2 |

**ഭാഗം-IV**

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |


<u>അനുബന്ധം</u>


1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ


# ഭാഗം -1

# പൊതു അവലോകനം

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

27-2-2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 17.05കോടി രൂപയും ചെലവ് 16.60 കോടി രൂപയും നീക്കിയിരിപ്പ് 0.45 കോടി രൂപയുമാണ്.

റിവൈസ്ഡ് ബജറ്റ് 8-1-2019 ന് പാസാക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31-7-2019 | 26-4-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10360076 |
| വരവ് | 78294998 |
| ആകെ | 88655074 |
| ചെലവ് | 74699133 |
| നീക്കിയിരിപ്പ് | 13955941 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 13311867 | 13311867 | 13053144 | 258723 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 9628000 | 9628000 | 9194399 | 433601 |
| വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം) | 0 | 122000 | 122000 | 10000 | 112000 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 12316000 | 12316000 | 12235644 | 80356 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 2806000 | 2806000 | 2419629 | 386371 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7983593 | 7983593 | 4400421 | 3583172 |

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 38425 | 1295949 | 1334374 | 1072559 | 261815 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം-PNB | 0 | 18357893 | 18357893 | 18357893 | 0 |
| ട്രഷറി- TSB (ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റ് ഫണ്ടുകൾ) | 3830518 | 11194262 | 15024780 | 11310893 | 3713887 |
| തനത് ഫണ്ട് - KSCB | 4768579 | 12600217 | 17368796 | 10019940 | 7348856 |
| ഇ-പേയ്മെന്റ് - SBI | 507771 | 9099754 | 9607525 | 7659540 | 1947985 |
| ബി ഫണ്ട് | 0 | 251760 | 251760 | 251760 | 0 |

ജോയിന്റ് വെഞ്ച്വർ പ്രോജക്റ്റുകൾക്കുള്ള ഫണ്ട്(എസ്.ടി.എസ്.ബി)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് പഞ്ചായത്ത് | 494800 | 1297009 | 1791809 | 1553809 | 238000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ പഞ്ചായത്ത് | 0 | 1765330 | 1765330 | 1765330 | 0 |
| ആകെ | 494800 | 3062339 | 1765330 | 3319139 | 238000 |

**കേന്ദ്ര വിഹിതം (ജോയിന്റ് വെഞ്ച്വർ അക്കൗണ്ട്+തനത് ഫണ്ട്)**

| | | | | | |
|---|---|---|---|---|---|
| കേന്ദ്ര വിഹിതം - ICDS | 1921834 | 562625 | 2484459 | 735639 | 1748820 |

ശുചിത്വമിഷൻ ഫണ്ട് (തനത് ഫണ്ടിൽ)

| | | | | | |
|---|---|---|---|---|---|
| ശുചിത്വമിഷൻ ഗ്രാന്റ്-കമ്മ്യൂണിറ്റി ടോയ്‌ലറ്റ്, ODF | 792000 | 1370000 | 2162000 | 170000 | 19920000 |
| TSC-ടോയ്‌ലറ്റ് റിപ്പയർ | 0 | 722290 | 722290 | 0 | 722290 |

| | | | | | |
|---|---|---|---|---|---|
| മറ്റ് ഗ്രാന്റുകൾ | 275000 | 10000 | 285000 | 0 | 285000 |

## 1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 296 | 89506368 | 217 | 56746090 | | 79 | 73 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 73% തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 63% ചെലവഴിച്ചിട്ടുണ്ട്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 3 | 5410330 | 3642624 | 67 |
| വി.ഇ.ഒ | 11 | 9 | 26271585 | 15643634 | 60 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 6 | 6542965 | 4497396 | 69 |
| സെക്രട്ടറി | 26 | 18 | 4538347 | 2682853 | 59 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 211 | 156 | 35362944 | 21295990 | 60 |
| എച്ച്.എം | 9 | 6 | 2243100 | 1825370 | 81 |
| മെഡിക്കൽ ഓഫീസർ-PHC | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 500000 | 500000 | 100 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 1910000 | 1543477 | 81 |
| അസി.സെക്രട്ടറി | 12 | 9 | 5309709 | 3697358 | 70 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 417388 | 417388 | 100 |
| ആകെ | 296 | 217 | 89506368 | 56746090 | 63 |

## 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 71760 | 52 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 2809800 | 215 |
| 3 | വിധവാ പെൻഷൻ | 13800300 | 1174 |
| 4 | വാർദ്ധക്യകാല പെൻഷൻ | 28297800 | 2526 |
| 5 | വികലാംഗ പെൻഷൻ | 4317800 | 422 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1809000 | 145 |

## 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-11-2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8902 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 19-9-2020 | 8/2020 | ലഭ്യമായിട്ടില്ല |
| **2** | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-07-2003 മുതൽ 12- | 1997-98 മുതൽ | 28-4-2014 |

| | | | | |
|---|---|---|---|---|
| | | 08-2003 വരെ | 2002-03 വരെ | |

## 1-9 ബജറ്റ് തയ്യാറാക്കുമ്പോൾ ബജറ്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതും സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് ബജറ്റ് പാസാക്കേണ്ടതുമാണ്. സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായാണ് വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടത്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ, ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച പാലിക്കേണ്ട സമയക്രമവും ബജറ്റ് പ്രക്രിയ എപ്രകാരമായിരിക്കണമെന്നതും സ.ഉ (സാധാ) നം. 3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിൽ വിശദമാക്കിയിട്ടുണ്ട്.

പദ്ധതിയേതര നിർദ്ദേശങ്ങൾക്കായി ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർത്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ ബജറ്റിലേക്കാവശ്യമായ ശുപാർശകൾ ചർച്ച ചെയ്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയതായും കാണുന്നില്ല.

ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

27-2-2018 തിയതിയിലെ തീരുമാനം 1 പ്രകാരം 2018-19 വർഷത്തെ ബജറ്റ് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് 17.05കോടി രൂപയും ചെലവ് 16.60 കോടി രൂപയും നീക്കിയിരിപ്പ് 0.45 കോടി രൂപയുമാണ്.

ബജറ്റ് നടപടിക്രമങ്ങളും സമയക്രമവും പൂർണ്ണമായി പാലിച്ചിട്ടില്ലെന്ന് കാണുന്നു.

ബജറ്റ് തയ്യാറാക്കുമ്പോൾ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പുകളും ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും സമയക്രമവും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മാന്വൽ രസീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല

കെ.ടി.സി.വോള്യം 1 ആർട്ടിക്കിൾ 92(ബി) പ്രകാരം ഓരോ രസീതി ബുക്കുകളിലേയും ഫോറങ്ങളുടെ എണ്ണം പരിശോധിച്ച് നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തണ്ടതാണ് . ഗ്രാമപഞ്ചായത്തിലെ 12.02.2019 മുതൽ 19.11.2020 വരെയുള്ള മാനുവൽ രസീതി ബുക്കുകൾ പരിശോധിച്ചതിൽ 27 രസീതി ബുക്കുകളിൽ 4 എണ്ണമൊഴികെ ബാക്കിയുള്ള 23 രസീതി ബുക്കുകളിലും നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല എന്ന് കണ്ടെത്തി.
രസീതി ഉപയോഗത്തിലെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി നിയമാനുസൃത പരിശോധനകൾ നടത്തുന്നതിൽ വീഴ്ചയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ഗ്രാമപഞ്ചായത്തിന് പിരിഞ്ഞു കിട്ടാനുള്ള തുകകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

വരവ് രേഖകളുടെ പരിശോധനയിൽ 15.68 ലക്ഷം രൂപ നികുതി-നികുതിയേതര ഇനങ്ങളിൽ പിരിഞ്ഞു കിട്ടുവാനുള്ളതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | നികുതിയിനം | കുടിശ്ശിക |
|---|---|---|
| 1 | പ്രോപ്പർട്ടി ടാക്സ് റെസിഡൻഷ്യൽ ബിൽഡിംഗ്സ് ( current) | 14425.00 |
| 2 | പ്രോപ്പർട്ടി ടാക്സ് റെസിഡൻഷ്യൽ ബിൽഡിംഗ്സ് (Arrear) | 344902.00 |
| 3 | പ്രോപ്പർട്ടി ടാക്സ് നോൺ-റെസിഡൻഷ്യൽ ബിൽഡിംഗ്സ് ( current) | 28556.00 |
| 4 | പ്രോപ്പർട്ടി ടാക്സ് നോൺ-റെസിഡൻഷ്യൽ ബിൽഡിംഗ്സ് (Arrear) | 104597.00 |
| 5 | വാട്ടർ ചാർജ്ജ്സ് ( current) | 753377.00 |
| 6 | വാട്ടർ ചാർജ്ജ്സ്(Arrear) | 215471.00 |
| 7 | കെട്ടിട വാടക ( current) | 23808.00 |
| 8 | കെട്ടിട വാടക(Arrear) | 82530.00 |
| | **ആകെ** | **1567666.00** |

കുടിശ്ശിക അടിയന്തിരമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല എന്ന് കണ്ടെത്തി.
വിശദവിവരം താഴെ ചേർക്കുന്നു.

| **ക്രമ നം.** | **സ്ഥാപനം** | **സ്ഥാപന തൊഴിൽ നികുതി/ ജീവനക്കാരുടെ തൊഴിൽ നികുതി** |
|---|---|---|
| 1 | പോസ്റ്റോഫീസ് കീഴ്മുറി | രണ്ടാം അർദ്ധ വർഷം- ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല |

| | | |
|---|---|---|
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് , കൊപ്പം | രണ്ടാം അർദ്ധ വർഷം- സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| 3 | പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | ഒന്നാം അർദ്ധവർഷം-സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| 4 | നക്ഷത്ര റീജൻസി, കൊപ്പം | ഒന്നും രണ്ടും അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| 5 | അഹല്യ മണി എക്സ്ചേഞ്ച്, കൊപ്പം | ഒന്നും രണ്ടും അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| 6 | ധനലക്ഷ്മി ബാങ്ക്, കൊപ്പം | ഒന്നാം അർദ്ധ വർഷം-സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| 7 | എസ്.ബി.ഐ, കൊപ്പം | ഒന്നും രണ്ടും അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| 8 | കൊപ്പം സർവീസ് സഹകരണ ബാങ്ക് ഇവനിംഗ് ബ്രാഞ്ച് | ഒന്നാം അർദ്ധ വർഷം-സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| 9 | റിലയൻസ് എസ്.എം.എസ്.എൽ പ്രൈ..ലിമിറ്റഡ്, കൊപ്പം | രണ്ടാം അർധവർഷം- ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| 10 | മുത്തൂറ്റ് ഫിനാൻസ്, കൊപ്പം | ഒന്നും രണ്ടും അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| 11 | ഫെഡറൽ ബാങ്ക്, കൊപ്പം | ഒന്നാം അർദ്ധ വർഷം-സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| 12 | പി.എൻ.വൈ.സഭ, ഫിനാൻസ് ലിമിറ്റഡ്, കൊപ്പം | ഒന്നും രണ്ടും അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| 13 | സൌത്ത് ഇന്ത്യൻ ബാങ്ക്, കൊപ്പം | ഒന്നാം അർദ്ധ വർഷം- ജീവനക്കാരുടെ തൊഴിൽ നികുതിയുംസ്ഥാപന തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും, അവയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രശീതി നമ്പർ, തിയതി, തുക സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 ബിൽഡിങ്ങ് പെർമിറ്റ് അനുവദിക്കുന്നതിൽ അപാകങ്ങൾ

പാർക്കിങ്ങ് എരിയ - നിയമാനുസൃത അളവിലുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2018-19 ൽ ലഭിച്ച പെർമിറ്റ് അപേക്ഷകൾ പരിശോധിച്ചതിൽ ചിലതിൽ പാർക്കിങ്ങ് സംബന്ധിച്ച് റൂൾ പൂർണമായി പാലിച്ചിട്ടില്ല എന്ന് കണ്ടെത്തി.

ഉദാ. ശ്രീമതി അയിഷക്കുട്ടി, A2-3777/18, 10.9.2018 എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള 253.82 $m^2$ കെട്ടിടത്തിന്റെ ക്രമവൽക്കരണ അപേക്ഷയിൽ കാർ പാർക്കിങ്ങ് ഏരിയ മാത്രമാണ് ഉള്ളത്. ടൂവീലർ പാർക്കിങ്ങ്, ഭിന്നശേഷിക്കാർക്കുള്ള പാർക്കിങ്ങ് എന്നിവ പ്ളാനിൽ ഉൾപ്പെട്ടിട്ടില്ല. സമർപ്പിച്ച പ്ലാനനുസരിച്ച് ടി കെട്ടിടം നിൽക്കുന്ന പ്ളോട്ടിൽ വേറെയും കെട്ടിടങ്ങൾ നിലവിലുള്ളതിനാൽ ഇവയ്ക്കെല്ലാം വെവ്വേറെ പാർക്കിങ്ങ് ഉണ്ടോ എന്നതും വ്യക്തമല്ല. കെ. പി. ബി.ആർ 2011, റൂൾ 38-2, പട്ടിക 4(B), ക്രമ നമ്പർ 6-ൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ഉണ്ടായിരിക്കേണ്ട പാർക്കിങ്ങിന്റെ അളവുകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് 1000 ച.മീ വരെയുള്ള ഓരോ 75ച.മീ.നും ഒരു പാർക്കിങ്ങും, 1000ച.മീ. ലധികമുള്ള ഓരോ 50 ച.മീ.ന് ഒരു പാർക്കിങ്ങ് സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്. ഒരു പ്ളോട്ടിൽ/കെട്ടിടത്തിൽ ഒന്നിലധികം ഒക്യുപൻസികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഓരോന്നിനും ഉള്ള പാർക്കിങ്ങ് പ്രത്യേകം കാണിക്കേണ്ടതുണ്ട്. ഇതു കൂടാതെ റൂൾ 38(4) അനുസരിച്ച് നൽകിയിട്ടുള്ള പാർക്കിങ്ങിന്റെ 25% ടൂവീലർ പാർക്കിങ്ങും, റൂൾ 104(5) അനുസരിച്ച് സർഫേസ് പാർക്കിങ്ങിന്റെ 2% ഭിന്നശേഷിക്കാർക്കും ഉണ്ടായിരിക്കണം. കൊപ്പം ഗ്രാമപഞ്ചായത്ത് കാറ്റഗറി 2 ൽ ഉൾപ്പെട്ടതായതിനാൽ പാർക്കിങ്ങ് നിശ്ചിത അളവിന്റെ 75% മതിയാകും. പ്ളാനിൽ കാർ പാർക്കിങ്ങ് മാത്രമാണുള്ളത്.

ഇക്കാര്യത്തെക്കുറിച്ച് നല്കിയ എൻക്വയറിയ്ക്ക് പഞ്ചായത്ത് അധികൃതർ നല്കിയ മറുപടി. "കെട്ടിടം നിൽക്കുന്ന പ്ലോട്ടിൽ(വിസ്തീർണ്ണം 3400$m^2$) 194.87$m^2$, 212.39$m^2$ എന്നിങ്ങനെ അളവുകളുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ നിലനിൽക്കുന്നുണ്ട് എന്നും ഇത് കെ പി ബി ആർ 2011 ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിനും മുൻപ് പണി പൂർത്തീകരിച്ച് നമ്പർ അനുവദിച്ചവയാണ് എന്നുമാണ്. ഇത് കൂടാതെ 152.02$m^2$ അളവുള്ള വീടും ഈ പ്ലോട്ടിൽ സ്ഥിതി ചെയ്യുന്നുണ്ട്. ക്രമവൽക്കരിച്ച കെട്ടിടത്തിന് ആവശ്യമായ പാർക്കിങ്ങ് (റൂൾ 38-2, പട്ടിക 4(B), ക്രമ നമ്പർ 6) 3 എണ്ണത്തിൽ 2 എണ്ണം കാർപാർക്കിങ്ങിനും 1 ഭിന്നശേഷിക്കാർക്കുള്ള പാർക്കിങ്ങ് എന്നിങ്ങനെ ഉപയോഗിക്കാവുന്നതാണ്. ടൂ വീലർ പാർക്കിങ്ങിന് പ്ലോട്ടിലെ പിൻവശത്ത് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്" എന്നുമാണ്.

നിയമപ്രകാരം ആവശ്യമായ എല്ലാ കാര്യങ്ങളും പാലിച്ചു തന്നെയാണ് കെട്ടിടങ്ങളുടെ നിർമാണം നടത്തുന്നത് എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

## 1-14 തെരുവ് വിളക്ക് സ്ഥാപിക്കൽ -പദ്ധതി നടപടിക്രമങ്ങളിൽ അപാകം

പ്രോജക്റ്റ് നമ്പർ-15/18-19, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

അടങ്കൽ- ₹. 4,00,000 (സി.എഫ്.സി)

ചെലവ്- ₹.3,99,354 (ബിൽ നമ്പർ-25/18-19,12.12.18)

നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ(പി) നം.259/2010/ത.സ്വ.ഭ.വ, 8.11.2010 പാലിച്ചാണ് വാങ്ങലുകൾ നടത്തേണ്ടത്. 2018-19 ൽ കൊപ്പം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതിയുടെ നടപടിക്രമങ്ങളിൽ അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

തെരുവ് വിളക്ക് വാങ്ങുന്നതിനുള്ള ടെണ്ടർ പരസ്യപ്പെടുത്തിയതിന്റെ രേഖകൾ പ്രോജക്റ്റ് ഫയലിൽ ഇല്ല . ഇതേക്കറിച്ച് എൻക്വയറി നല്കിയതിന് മറുപടിയായി പദ്ധതി തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിന്റെ പകർപ്പ് ഹാജരാക്കി . A1-4112/2018,11.07.2018 ലെ ദർഘാസ് പരസ്യത്തിൽ ഒരു വർഷത്തെ ഗ്യാരണ്ടിയോടു കൂടി പുതിയ എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കൽ എന്ന് മാത്രമാണ് ചേർത്തിട്ടുള്ളത്. സ്ഥാപനം വാങ്ങാൻ ലക്ഷ്യമിട്ട ലാമ്പിന്റെ കൃത്യമായ സ്പെസിഫിക്കേഷൻ സൂചിപ്പിട്ടില്ല. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഉഷ ഇലക്ട്രോണിക്ക്സ് എന്ന സ്ഥാപനത്തിന്റെ 24 വാട്ട് എൽ ഇ ഡി ഓട്ടോമാറ്റിക്ക് ലാംപാണ് വാങ്ങിയിരിക്കുന്നത്.

28.7.2018 ന് ലഭിച്ച ടെണ്ടറുകളിൽ വിവിധയിനം ബൾബുകളുടെ നിരക്കുകൾ ക്വോട്ട് ചെയ്തിട്ടുണ്ട്. ടെണ്ടർ സമർപ്പിച്ച ഓരോ സ്ഥാപനവും വ്യത്യസ്ഥ സ്പെസിഫിക്കേഷനിലുള്ള പലതരം ബൾബുകളുടെ വില ചേർത്ത് തന്നിരിക്കുന്നതിനാൽ സ്ഥാപിക്കാനുദ്ദേശിച്ച തെരുവു വിളക്കിന്റെ തരം, സ്പെസിഫിക്കേഷൻ സഹിതം പഞ്ചായത്തധികൃതർ ദർഘാസിൽ സൂചിപ്പിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രൊക്യൂർമെന്റ് സൈക്കിൾ പ്രകാരം സ്പെസിഫിക്കേഷനുകൾ രൂപീകരിക്കുന്നത് ഒരു പ്രധാന ഘട്ടമാണ്.

തെരുവ് വിളക്ക് വാങ്ങൽ പർച്ചേസ് കമ്മിറ്റിയിൽ ചർച്ച ചെയ്യാതെ നേരിട്ട് ഭരണസമിതിയുടെ 16.8.2018 ലെ 1/1 തീരുമാനപ്രകാരം വാങ്ങിയതായാണ് ഫയലിലെ രേഖകളിൽ നിന്നും വ്യക്തമാവുന്നത്. പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ വിലയിരുത്തലുകളും, നിർദേശങ്ങളും കൂടി ഉൾപ്പെടുത്തി വാങ്ങലുകൾ സ്ഥാപനത്തിന് ഏററവും ഹിതകരമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (എൻക്വയറി 10/24.11.2020)

## 1-15 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

നേരിട്ട് പരിപാലിക്കുന്ന കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.
2018-19 വാർഷിക ധനകാര്യ പത്രിക അനുസരിച്ച് കുടിവെള്ള പദ്ധതികൾക്കായി 23,760,96 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ചെലവിനം | തുക |
|---|---|---|
| 1 | I& E 230100104-Electricity charges ofr dinkimg water schemes | 22,22,811 |
| 2 | Repair and maintenance – Drinking water resources | 2663 |
| 3 | Repair and maintenance – Drinking water Pipeline | 150622 |
| | | |

| | |
|---|---|
| ആകെ | 2376096 |

KWA, Public Health Division, Shornur ന്റെ ബിൽ നം-29/15.2.2019 അനുസരിച്ച് വാട്ടർ അതോറിറ്റിയ്ക്ക് പ്രതിമാസം 6126 രൂപ വെള്ളക്കരം അടയ്ക്കുന്നുണ്ട്.

| | | |
|---|---|---|
| A | Closing balance | 2239442 |
| B | Fine (2% CB) | 37992 |
| C | Demand for the month | 6126 |
| D | Additional Charges | -- |
| E | Other charges | --- |
| Total | | 2283560 |

22,83,560 രൂപ വാട്ടർ അതോറിറ്റി കുടിശ്ശിക സഹിതം ഡിമാന്റ് ചെയ്തതായി കാണുന്നു.

കൊപ്പം ഗ്രാമപഞ്ചായത്തിന് വെള്ളക്കരമിനത്തിൽ ആകെ വരവ് 15,52,320 രൂപ മാത്രമാണ്. നിലവിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 98 കുടിവെള്ള പദ്ധതികളുണ്ട്. സ.ഉ(സാധാ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം പാലിച്ചിട്ടില്ല. ഘട്ടംഘട്ടമായി കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതികൾ പൂർണ്ണമായി കാര്യക്ഷമമാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറികഴിഞ്ഞാൽ പിന്നീട് ഇവയുടെ നടത്തിപ്പും, പരിപാലനവും പ്രസ്തുത സമിതികളാണ് ഏറ്റെടുക്കേണ്ടത്. ഇതിലൂടെ ഗ്രാമപഞ്ചായത്തിന് കുടിവെള്ള പദ്ധതി നടത്തിപ്പിലൂടെയുണ്ടാകുന്ന ഭീമമായ ചെലവ് ഒഴിവാക്കുവാൻ സാധ്യമാകുമെന്നതിനാൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയ്ക്ക് നൽകാനുള്ള കുടിശ്ശികയുടെ കൃത്യത ഉറപ്പാക്കി ആയത് അടവാക്കുന്നതിന് വേണ്ട നടപടിയെടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ട് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.(13/27.11.2020)

## 1-16 പാലിയേറ്റീവ് പരിചരണം പദ്ധതി-പോരായ്മകൾ പരിഹരിക്കേണ്ടതാണ്

1. തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പിന്റെ 29.10.2015ലെ സ.ഉ(സാധാ) നം. 3217/2015ത.സ്വ.ഭ.വ, പാലിയേറ്റീവ് പരിചരണ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതുമാണ്. 2018-19 വർഷത്തിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി 4 തവണ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. 28.05.2018, 09.08.2018, 24.12.2018, 22.03.2019 എന്നീ തിയതികളിലാണ് യോഗം നടന്നത്. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ മാർഗരേഖ പ്രകാരമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഗൃഹ സന്ദർശനവുമായിു ബന്ധപ്പെട്ട് വാഹനം ഉപയോഗിച്ചതിൽ ഡ്രൈവർ ട്രിപ്പ് ഷീറ്റ്

വച്ചിട്ടില്ല. ഡ്രൈവർ ശ്രീ.ഹസ്സൻ, KL- 52 F 2714. KL- 10 G 2835 എന്നീ വാഹനങ്ങളാണ് പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട് ഗൃഹസന്ദർശനത്തിന് ഉപയോഗിച്ചിരുന്നത്. ഓരോ മാസത്തേയും വാടകയുടെ വിവരം താഴെ ചേർക്കുന്നു,

| ക്രമ നം. | മാസം | തുക |
|---|---|---|
| 1 | 4/2018-5/2018 | 22000.00 |
| 2 | 6/2018 | 14000.00 |
| 3 | 7/2018 | 14000.00 |
| 4 | 8/2018 | 11000.00 |
| 5 | 9/2018 | 14000.00 |
| 6 | 10/2018 | 14000.00 |
| 7 | 11/2018 | 14000.00 |
| 8 | 12/2018 | 14000.00 |
| 9 | 01/2019 | 15000.00 |
| 10 | 02/2019 | 12000.00 |
| 11 | 03/2019 | 18000.00 |
| | **ആകെ** | **162000.00** |

വാഹന വാടക അനുവദിച്ചതിന് ആധികാരിക രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
വാഹന വാടക അനുവദിക്കുന്നത് എല്ലാ രേഖകളും പരിശോധിച്ചതിനു ശേഷമാണെന്ന് ഉറപ്പാക്കേണ്ടതാണ്..

## 1-17 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം - പൊതു നിർദ്ദേശങ്ങൾ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ട് തൻവർഷം അംഗീകാരം ലഭ്യമാക്കിയ 211 പ്രവൃത്തികളിൽ 156 എണ്ണം പൂർത്തീകരിക്കുകയോ, ഭാഗികമായി പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. വകയിരുത്തിയ 3.53 കോടി രൂപയിൽ 2.13 കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 60% മാത്രമാണ് ചെലവ്.

മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ താഴെ ചേർക്കുന്നു.

**<u>എ. പ്രോജക്റ്റുകളുടെ ആധിക്യം</u>**

സ്പിൽഓവർ പ്രോജക്റ്റുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്റ്റുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 211 മരാമത്ത് പ്രവൃത്തികളിൽ 66 എണ്ണവും (31%) സ്പിൽഓവർ പ്രോജക്റ്റുകളാണ്.

<u>ബി. കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്റ്റുകൾ</u>

തൻവർഷത്തെ 87 പ്രോജക്റ്റുകൾ ഒരു ലക്ഷമോ അതിൽ കുറവോ അടങ്കലുള്ളവയാണ്.

<u>സി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം</u>

റോഡ് കോൺക്രീറ്റിംഗിനും കുടിവെള്ള പദ്ധതികൾക്കുമാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. തൻവർഷം ഏറ്റെടുത്ത 211 മരാമത്ത് പ്രവൃത്തികളിൽ 112 എണ്ണവും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. കുടിവെള്ള മേഖലയിൽ 62 പ്രോജക്റ്റുകളും ആവിഷ്കരിച്ചിട്ടുണ്ട്.

<u>ഡി. ക്യൂ ബില്ലുകൾ</u>

തൻവർഷാവസാനം ട്രഷറിയിൽ സമർപ്പിച്ച 25 ലക്ഷത്തിൽ അധികം തുകയുടെ 11 ബില്ലുകൾ ക്യൂ ബില്ലുകളായിട്ടുണ്ട്.

<u>ഇ. പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനാവശ്യമായ രേഖകൾ</u>

പല പ്രവൃത്തികളുടേയും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള കരാറുകാരുടെ അപേക്ഷ, കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരുടെ അപേക്ഷയിന്മേലുള്ള അസി. എഞ്ചിനിയറുടെ വിശദമായ റിപ്പോർട്ടും അനുമതി നൽകിയതിന്റെ രേഖകളും ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കു മുമ്പ് കരാറുകാർ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

പി.ഡബ്ള്യ.ഡി മാന്വൽ, 2012 പ്രകാരം കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു.

<u>എഫ്. രേഖകളുടെ സൂക്ഷിപ്പ്</u>

1. എഗ്രിമെന്റ് വ്യവസ്ഥകളിൽ പലതും കാലഹരണപ്പെട്ടിട്ടും PWD മാന്വൽ പ്രകാരം പുതുക്കിയിട്ടില്ല.
2. മെയ്ന്റനൻസ് പ്ലാൻ, റോഡ് കണക്ടിവിറ്റി മാപ്പ് മുതലായ രേഖകളും സൂക്ഷിച്ചിട്ടില്ല.
3. ആസ്തി രജിസ്റ്റർ നാളിതുവരെ കാലികമാക്കിയിട്ടില്ല.
4. അളവു പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.

<u>ജി. മെയ്ന്റനൻസ് പ്ലാൻ</u>

പദ്ധതി മാർഗ്ഗരേഖ പ്രകാരം മെയ്ന്റനൻസ് പ്ലാൻ തയ്യാറാക്കുകയോ, ആയതിനനുസരിച്ച് മെയ്ന്റനൻസ് പ്രവൃത്തികൾ നടത്തുവാനോ ശ്രദ്ധിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി തൻവർഷം താഴെ പറയുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും നടപ്പാക്കിയിട്ടില്ല.

1. 148/19-പുലാശ്ശേരി അങ്കണവാടി ചുറ്റുമതിൽ-200000

2. 150/19-പുലാശ്ശേരി അങ്കണവാടി ചുറ്റുമതിൽ-250000

3. 273/19-മേൽമുറി ഹെൽത്ത് സെന്റർ വിപുലീകരണം - 200000

ചുമതലയിലുള്ള സ്ഥാപനങ്ങളുടെ സംരക്ഷണം ഉറപ്പാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.

2. പദ്ധതികളുടെ ആസൂത്രണത്തിനാവശ്യമായ റോഡ് കണക്ടിവിറ്റി മാപ്പ്, ആസ്തി രജിസ്റ്റർ എന്നീ അടിസ്ഥാന രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

3. അളവു പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നതിനുള്ള സർക്കുലർ നം. 24/2020/ ഫിൻ തിയതി 11-05-2020 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4. മരാമത്ത് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

5. പ്രവൃത്തി പൂർത്തീകരണത്തിന് യഥാർത്ഥത്തിൽ ആവശ്യമായ കാലാവധി മാത്രം അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

6. സാമ്പത്തിക വർഷാവസാനത്തിൽ കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

7. മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് ചെലവ് ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിന്മേലുള്ള സർക്കുലർ നം.1/26/19/ തസ്വഭവ തിയതി 25-1-2019 ലെ നിർദ്ദേശങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

8. ചുമതലയിലുള്ള സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി മെയ്ന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടതും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാ ക്കേണ്ടതുമാണ്.

മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, രേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കുന്നതിനായി വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ശക്തമാക്കേണ്ടതാണ്.

അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തുവാനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/23-11-2020 നുള്ള മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് - സ്റ്റാമ്പ് ഡ്യൂട്ടി കൃത്യമാണെന്ന് ഉറപ്പാക്കേണ്ടതാണ്

**കേരള ഫിനാൻസ് ആക്റ്റ് 2018** പ്രകാരം മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി 1-4-2018 മുതൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഓരോ ആയിരം രൂപയ്ക്കും ഒരു രൂപ വീതം സ്റ്റാമ്പ് ഡ്യൂട്ടി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200 രൂപയും പരമാവധി 1 ലക്ഷം രൂപയുമായി സ്റ്റാമ്പ് ഡ്യൂട്ടി പരിമിതപ്പെടുത്തിയിട്ടുണ്ട്.

താഴെ പറയുന്ന പ്രവൃത്തിയിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

1. 28/19- പൊററമ്മൽ റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ - 220000

എഗ്രിമെന്റ് നം. 12/3-7-18

കരാറുകാരൻ - ശ്രീ.കെ.സന്തോഷ്

സ്റ്റാമ്പ് പേപ്പറിന്റെ മൂല്യം - 200

എഗ്രിമെന്റ് വെക്കേണ്ടിയിരുന്നത് - 220

കുറവ് - 20

1. 158/19- മേലേതൊടി കുടിവെള്ള പദ്ധതി

അടങ്കൽ - 239802 (General)

എഗ്രിമെന്റ് നം. 40/7-7-18

കരാറുകാരൻ - ശ്രീ.പി.ഭാസ്കരൻ

സ്റ്റാമ്പ് പേപ്പറിന്റെ മൂല്യം - 200

എഗ്രിമെന്റ് വെക്കേണ്ടിയിരുന്നത് - 240

കുറവ് - 40

അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തുവാനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/23-11-2020 നുള്ള മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് ചമയ്ക്കുന്നത് നിശ്ചിത മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ ആണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

## 1-19 139/18 -മുജാഹിദ് പള്ളി കുടിവെള്ള പദ്ധതി- പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ മതിയായ പിഴ ഈടാക്കിയില്ല

2012 ലെ പി.ഡബ്ല്യൂ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും എഞ്ചിനിയർ പരിശോധിക്കേണ്ടതുമാണ്.

താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരന് പ്രവൃത്തിയും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണെന്ന് കണ്ടെത്തി.
1. 139/18 -മുജാഹിദ് പള്ളി കുടിവെള്ള പദ്ധതി

അടങ്കൽ - 205000 (CFC)

PAC- 205000

കരാറുകാരൻ - ശ്രീ.അഷ്റഫലി.വി.പി

എഗ്രിമെന്റ് നം.: 106/1-2-18

അളവു പുസ്തകം - 223/19

ചെലവ് - 205000 (ബിൽ നം.29/10-6-18 – 88872,, ബിൽ നം.111/27-12-18 – 116128)
ഈടാക്കേണ്ടിയിരുന്ന പിഴ – 6150 രൂപ

(വിശദാംശങ്ങൾ ഖ. 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

## 1-20 അളവു പുസ്തകത്തിൽ തുകകളുടെ സംക്ഷിപ്തം രേഖപ്പെടുത്തിയതിൽ അപാകത-കരാറുകാരന് അധിക തുക നൽകി

വികസന ഫണ്ടിൽ നിന്നും 1 ലക്ഷം രൂപ വകയിരുത്തി പൂർത്തീകരിച്ച റോഡ് പ്രവൃത്തിയുടെ അളവുപുസ്തകം, ബില്ല് എന്നിവ തയ്യാറാക്കിയതിലുണ്ടായ അപാകതമൂലം കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്.

പ്രൊ.നം. 235/19 – ഈർക്കിലി കുന്ന് റോഡ് കോൺക്രീറ്റ്

അടങ്കൽ - 100000 (SCP)

എഗ്രിമെന്റ് നം. 91/28-12-2017

കരാറുകാരൻ - ശ്രീ. രാധാകൃഷ്ണൻ.സി

അളവു പുസ്തകം - 110/17-18

യഥാർത്ഥ പ്രവൃത്തി മൂല്യം - 95031 രൂപയാണ്. എന്നാൽ അളവു പുസ്തകത്തിന്റെ സംക്ഷിപ്തത്തിൽ 95301 രൂപ എന്ന് രേഖപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയത്. ആയതിനാൽ അധികം നൽകിയ 270 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറയിക്കേണ്ടതാണ്.

അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തുവാനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 7/23-11-2020 നുള്ള മറുപടിയിൽ അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ബില്ലുകൾ തയ്യാറാക്കുമ്പോഴും മേൽപരിശോധന നടത്തുമ്പോഴും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ചൊക്കിപള്ളിയാലിൽ റോഡ് ടാറിംഗ്- അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃതം ഈടാക്കേണ്ട തുകകൾ കൃത്യമായി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി ടാറിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ പഞ്ചായത്തിന് നഷ്ടമുണ്ടാകുന്ന വിധത്തിൽ തുക ഈടാക്കുവാൻ വിട്ടുപോയതായി കണ്ടെത്തി.

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (with packed bitumin rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. പിന്നീട് തുക ഈടാക്കിയതിനും രേഖകളില്ല.
205/19-ചൊക്കിപള്ളിയാലിൽ റോഡ് ടാറിംഗ്

അടങ്കൽ - 400000

PAC- 400000

കരാറുകാരൻ - ശ്രീ.കെ.ടി.മുഹമ്മദ് ബഷീർ

എഗ്രിമെന്റ് നം.:95/17-1-2018
പ്രവൃത്തികൾക്കായി ഉപയോഗിച്ച 10 ബാരലുകളുടെ വില 2810 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.
(വിശദാംശങ്ങൾ ഖ. 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.).

## 1-22 കെ.ടി പടി കുടിവെള്ള പദ്ധതി - പൂർത്തീകരണം ഉറപ്പാക്കിയില്ല

പ്രൊ.നം. 125/18 (28/19) – കെ.ടി പടി കുടിവെള്ള പദ്ധതി

അടങ്കൽ - 130000 (ജനറൽ)

എഗ്രിമെന്റ് നം. 80/16-12-2017

കരാറുകാരൻ - ശ്രീ. അഷ്റഫ് അലി.വി.പി

അളവു പുസ്തകം - 95/17-18

കുഴൽ കിണർ കുഴിച്ച് മോട്ടോർ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും കുഴൽ കിണർ മാത്രം നടത്തി പദ്ധതി ഉപേക്ഷിക്കപ്പെട്ട നിലയിലാണുള്ളത്.

ബിൽ നം. 13/31-5-2018 പ്രകാരം കുഴൽ കിണർ നിർമ്മാണത്തിനായി 85200 രൂപ ചെലവഴിച്ചുണ്ട്. ആയതിന്റെ കാരണം വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല. പാർട്ട് ബില്ലിൽ നിന്നും 8520 രൂപ റീടെൻഷൻ ആയി പിടിച്ചിട്ടുണ്ടെങ്കിലും തുടർ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല.

പദ്ധതി പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 6/23-11-2020 നുള്ള മറുപടിയിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-23 കിണർ റീചാർജ്ജിംഗിനായി ലഭ്യമായ തുക ചെലവഴിച്ചില്ല-തുക തിരിച്ചടയ്ക്കേണ്ടതാണ്

2015-16 വർഷത്തിൽ ഡിപ്പാർട്ട്മെന്റ് ഓഫ് എൻവിറോൺമെന്റ് ആൻറ് ക്ലൈമറ്റ് ചേഞ്ചിൽ നിന്നും കിണർ റീചാർജ്ജിംഗ് ഗ്രാന്റ് ആയി ലഭിച്ച 250000 രൂപ നാളിതുവരെയും ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നതായി കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തി.

ഡി.ഡി നം. 571147/7-5-2015 പ്രകാരം ലഭ്യമായ തുക 22-5-2015 ന് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെച്ചിട്ടുണ്.

ബാലൻസ് ഷീറ്റ് പത്രിക ബി-4 പ്രകാരം തുക ബാധ്യതയായി രേഖപ്പെടുത്തിയിട്ടുമുണ്ട്.

തുക ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

തുക ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 9/23-11-2020 ന് മറുപടി ലഭിച്ചില്ല.

# ഭാഗം-2

ഒന്നുമില്ല

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 139/18 -മുജാഹിദ് പള്ളി കുടിവെള്ള പദ്ധതി- പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ മതിയായ പിഴ ഈടാക്കിയില്ല

2012 ലെ പി.ഡബ്ള്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും എഞ്ചിനിയർ പരിശോധിക്കേണ്ടതുമാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|

| | |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br><br>കുറഞ്ഞത് 1000 രൂപ<br><br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br><br>കുറഞ്ഞത് 2000 രൂപ<br><br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന കരാറുകാർക്ക് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണെന്ന് കണ്ടെത്തി.

| പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|
| 1. 139/18 -മുജാഹിദ് പള്ളി കുടിവെള്ള പദ്ധതി<br><br>അടങ്കൽ - 205000 (CFC)<br><br>PAC- 205000<br><br>കരാറുകാരൻ - ശ്രീ.അഷ്റഫലി.വി.പി<br><br>എഗ്രിമെന്റ് നം.: 106/1-2-18<br><br>അളവു പുസ്തകം - 223/19<br><br>ചെലവ് - 205000 (ബിൽ നം.29/10-6-18 – 88872,, ബിൽ നം.111/27-12-18 – 116128)<br><br>**നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ** | 31-3-2018 | 4-12-2018 | 0 | 6150 (3%) | 6150 |

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012 ലെ പി.ഡബ്ള്യുഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തുവാനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/23-11-2020 നുള്ള മറുപടിയിൽ കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 ചൊക്കിപള്ളിയാലിൽ റോഡ് ടാറിംഗ്- അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃതം ഈടാക്കേണ്ട തുകകൾ കൃത്യമായി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി ടാറിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ പഞ്ചായത്തിന് നഷ്ടമുണ്ടാകുന്ന വിധത്തിൽ തുക ഈടാക്കുവാൻ വിട്ടുപോയതായി കണ്ടെത്തി.

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (with packed bitumin rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. പിന്നീട് തുക ഈടാക്കിയതിനും രേഖകളില്ല.

| പ്രവൃത്തി, അളവു പുസ്തകം | ബിൽ നം., തിയതി തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം |
|---|---|---|---|
| 205/19- ചൊക്കിപള്ളിയാലിൽ റോഡ് ടാറിംഗ്<br>അടങ്കൽ - 400000<br>PAC- 400000<br>കരാറുകാരൻ - ശ്രീ.കെ.ടി.മുഹമ്മദ് ബഷീർ<br>എഗ്രിമെന്റ് നം.:95/17-1-2018<br>അളവു പുസ്തകം - 113/17-18 | ബിൽ നം.33/13-6-18<br>ചെലവ്: - 397321 | (MB Page.28) | |
| | | RS1- 142.725 | 0.72 |
| | | SS1 emulsion- 441.15 | 2.42 |
| | | VG 30 – 1092 | 7 |
| | | | 10.14 |
| ബാരലിന്റെ വില - 10x281 = 2810 | | | |

അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തുവാനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/23-11-2020 നുള്ള മറുപടിയിൽ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്.

പ്രവൃത്തികൾക്കായി ഉപയോഗിച്ച 10 ബാരലുകളുടെ വില 2810 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബില്ലുകൾ തയ്യാറാക്കുന്നതിൽ എഞ്ചിനിയറിംഗ് വിഭാഗം കുറേക്കൂടി ജാഗ്രത പുലർത്തിയാൽ ഇത്തരം അപാകതകൾ ഒഴിവാക്കാവുന്നതാണെന്ന് വിലയിരുത്തുന്നു.തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# <u>ഭാഗം -4</u>

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 26.06.2019 മുതൽ 27.06.2019 വരെ | നം.കെ.എസ്.എ- നം.കെ.എസ്.എ- പികെഡി-21/997/2019(30) |

4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജ ക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 494800 | വൃദ്ധർക്ക് കട്ടിൽ | 494800 | 0 |
| | 2018-19 | 200000 | വൃദ്ധർക്ക് കട്ടിൽ | 200000 | 0 |
| | | 710010 | ഉഴവുകൂലി | 472010 | 238000 |
| | | 6000 | ആട് വളർത്തൽ | 6000 | 0 |
| | | 78078 | ലൈഫ്-SCP | 78078 | 0 |
| | | 302921 | ലൈഫ് - ജനറൽ | 302921 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 660706 | ഉഴവുകൂലി | 660706 | 0 |
| | | 354624 | ലൈഫ്-ജനറൽ | 354624 | 0 |
| | | 650000 | സ്കോളർഷിപ്പ് | 650000 | 0 |
| | | 100000 | പാലിന് സബ്സിഡി | 100000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 17/19-വൈദ്യുതി പോസ്റ്റ് മാറ്റൽ | 13/ 14-9-18 | 53371 | തുക പൂർണ്ണമായും ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. | |
| | | 14/ 24-9-18 | 38765 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | | 6840000 | 6840000 | - | - | 6840000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 1556 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 96-97 | 34(2) | 427 | 118010100813/ 27-4-2018 | വി.പി.സോമൻ, സെക്രട്ടറി |
| 96-97 | 34 (1) | 484 | 118010100812/ 27-4-2018 | വി.പി.സോമൻ, സെക്രട്ടറി |
| 2005-06 | 3(1) | 645 | 118010100814/ 27-4-2018 | കെ.ഉണ്ണി, സെക്രട്ടറി |
| ആകെ | | 1556 | | |

വാർഷിക കണക്ക് പ്രകാരം 5182 രൂപ ഈ ഇനത്തിൽ വരവുണ്ടെങ്കിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരമുള്ള റിക്കവറി 1556 രൂപ മാത്രമാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3.1 | 2011-12 | കാർഷിക മേഖല- | അവലോകനം | ലോക്കൽ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | പ്രത്യേക അവലോകനം | | അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണി ച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ആയിട്ടില്ല. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

**(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78294998 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74699133 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8960 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 6150 (പിഴ) | ശ്രീമതി.എം.കെ.ശാന്ത, അസി. എഞ്ചിനിയർ |
| 3-2 | - | 2810 | ശ്രീമതി.എം.കെ.ശാന്ത, അസി. എഞ്ചിനിയർ |
| ആകെ | - | 8960 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഒന്നുമില്ല

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 270 | ശ്രീമതി.എം.കെ.ശാന്ത, അസി. എഞ്ചിനിയർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖ. 1-18 പ്രകാരം സംസ്ഥാന സർക്കാരിന്റെ നഷ്ടം 40 രൂപ.
ശ്രീമതി.എം.കെ.ശാന്ത, അസി. എഞ്ചിനിയർ

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.എം.കെ.ശാന്ത, അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ, കൊപ്പം ഗ്രാമപഞ്ചായത്ത് | മണ്ണത്താൻമാരിൽ വീട്, പരുത്തിപ്ര, ഷൊർണ്ണൂർ പി.ഒ. പാലക്കാട് പിൻ-679121 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP3/93/06.01.94 | 4 |

| | | |
|---|---|---|
| 1997-98 | LFP13/355/A/00/31.12.05 | 7 |
| 1998-99 | LFP8-507/01/04/05.07.04.01.02 | 6 |
| 1999-00 | LFP8-563/04/05.07.04 | 3 |
| 2000-01 | LFP13-593/06/13.09.06 | 4 |
| 2001-02 | LFP13-779/06/17-10-06 | 6 |
| 2002-03 | LFP13-1137/10/05.10.10 | 4 |
| 2003-04 | LFP13-1138/10/15-09-10 | 3 |
| 2004-05 | LFP13-1139/10/15-09-10 | 5 |
| 2005-06 | LFP13-1140/10/15-09-10 | 8 |
| 2006-07 | LFP13-1141/10/27-09-10 | 5 |
| 2007-08 | LFP13/859/10/25-06-12 | 7 |
| 2008-09 | LFP-13/860/12/25-06-12 | 9 |
| 2009-10 | LFP-13/167/14/14-03-14 | 8 |
| 2010-11 | LFP-13/167/14/14-03-14 | 11 |
| 2011-12 | LFP-13/410/14/31.03/14 | 9 |
| 2012-13 | LFP-13/2413/2014/ 05-01-2015 | 13 |
| 2013-14& 2014-15 | നം. കെ.എസ്.എ-പികെഡി- 13/1178/16/27.7.2016 | 15 |
| 2015-16 | KSA-PKD-13/25/2017 | 12 |
| 2016-17 | നം. കെ.എസ്.എ-പികെഡി-13/1755/2017/20.10.2017 | 21 |
| 2017-18 | നം. കെ.എസ്.എ-പികെഡി-13/314/2019/29.3.2019 | 23 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

# ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി-21/997/2019(30)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

**സാക്ഷ്യപത്രം**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പാഞ്ചായത്ത് രാജ്/ നഗരപാലികാ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ **കൊപ്പം ഗ്രാമപഞ്ചായത്തിന്റെ** 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കൊപ്പം ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**<u>ന്യൂനതകളുടെ സംഗ്രഹം</u>**

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി തുകകളും സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3. ബാങ്ക് റി-കൺസിലിയേഷൻ-06/18, 3/19 എന്നീ മാസങ്ങളിലൊഴികെ പ്രതിമാസ പത്രികകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4. MGNREGS- വാർഷിക ധനകാര്യ പത്രികയിലെ തുകയും രജിസ്റ്ററുകൾ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-21/997/2019(30)

Kerala State Audit Department

District Audit Office,Palakkad

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

**<u>Certificate</u>**

Certified that 1 have examined the Annual Financial Statement of **KOPPAM Grama Panchayat** for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994 the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions/ Municipalities / Corporations.

In my opinion the financial Statement of **KOPPAM Grama Panchayat** for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**<u>Abstract of Defects/Discrepancies</u>**

1. Asset register is not updated upto 31-3-2019 using Sachithra Software. Linking of Sachithra and Sankhya is not completed and hence the correctness of asset value could not be verified.

2. The amount of property tax shown in the AFS does not match with that in SANCHAYA.

3. The Bank Reconciliation Statements except for the months of 06/18 and 03/19 not prepared & certified by the secretary.

4. MGNREGS - amount in the registers does not match with that of AFS.

Deputy Director

## അനുബന്ധം-2

## വിവിധ പത്രികകളുടെ സംക്ഷിപ്തം

1. **RECEIPT & PAYMENT STATEMENT**

| Koppam Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 10164324.00 |
| Cash | Cash | RP-40(a) | 195752.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 979390.00 |
| 140000000 | Fees & User Charges | RP-4 | 936051.00 |
| 150000000 | Sale & Hire Charges | RP-5 | 215370.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52713368.00 |
| 171000000 | Interest Earned | RP-9 | 187496.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7691513.00 |
| 350000000 | Other Liabilities | RP-36 | 783619.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 5782.00 |
| 330000000 | Secured Loans | RP-32 | 6840000.00 |
| 340000000 | Deposits Received | RP-34 | 524768.00 |
| 350000000 | Other Liabilities | RP-36 | 424379.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6972262.00 |
| 460000000 | Loans, Advances and Deposits | RP-47 | 21000.00 |
| | **Grand total** | | **88655074.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3567898.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | RP-12 | 1031947.00 |
| 230000000 | Operations & Maintenance | RP-13 | 3787965.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 5626012.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 21843083.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1256142.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 476387.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 365760.00 |

## 2. INCOME & EXPENDITURE STATEMENT

| Koppam Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 6075090.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 682156.00 |
| 140000000 | Fee & User Charges | I-4(b) | 2741521.00 |
| 150000000 | Sale & Hire Charges | I-5(b) | 215370.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 123657094.00 |
| 170000000 | Income from Investments | I-7 | 92017.00 |
| 171000000 | Interest Earned | I-8 | 187496.00 |
| 180000000 | Other Income | I-9 | 5782.00 |
| | **Total Income** | | **133656526.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 10034106.00 |
| 220000000 | Administrative Expenses | I-11(b) | 1031947.00 |
| 230000000 | Operations & Maintenance | I-12(b) | 3787965.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5626012.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41149426.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1256142.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 476387.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 51400460.00 |
| 255000000 | Maintenance Projects | I-14(e) | 14268896.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 515000.00 |
| 272000000 | Depreciation | I-17(a) | 60035.00 |
| | **Total Expenditure** | | **129607025.00** |
| | **Gross Surplus/ Deficit of income over Expenditure** | | **4049501.00** |
| 280000000 | Prior Period Item | I-18 | 76083.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **3973418.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3. **BALANCE SHEET**

| **Koppam Grama Panchayat RECEIPT & PAYMENT STATEMENT** | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 10164324.00 |
| Cash | Cash | RP-40(a) | 195752.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 979390.00 |
| 140000000 | Fees & User Charges | RP-4 | 936051.00 |
| 150000000 | Sale & Hire Charges | RP-5 | 215370.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52713368.00 |
| 171000000 | Interest Earned | RP-9 | 187496.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7691513.00 |
| 350000000 | Other Liabilities | RP-36 | 783619.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 5782.00 |
| 330000000 | Secured Loans | RP-32 | 6840000.00 |
| 340000000 | Deposits Received | RP-34 | 524768.00 |
| 350000000 | Other Liabilities | RP-36 | 424379.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6972262.00 |
| 460000000 | Loans, Advances and Deposits | RP-47 | 21000.00 |
| | **Grand total** | | **88655074.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3567898.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | RP-12 | 1031947.00 |
| 230000000 | Operations & Maintenance | RP-13 | 3787965.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 5626012.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 21843083.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1256142.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 476387.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 365760.00 |

ഡെപ്യൂട്ടി ഡയറക്ടർ